**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2280** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ ഗവ. പ്രസ്സിലെ എച്ച്.എം.ടി. മെഷീനുകളുടെ തകരാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അച്ചടി വകുപ്പിന് കീഴിലുള്ള ഷൊർണ്ണൂർ ഗവ. പ്രസ്സിൽ എച്ച്.എം.ടി. മെഷീനുകൾ സമയബന്ധിതമായി ഓവർറോളിംഗ് നടത്തുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെഷീനുകൾക്കുണ്ടാകുന്ന ചെറിയ തകരാറുകൾ വകുപ്പിലെ മെക്കാനിക്കൽ/ ഇലക്ട്രിക്കൽ വിഭാഗങ്ങൾ പരിഹരിക്കുന്നുണ്ട്. എന്നാൽ, വലിയ സാങ്കേതിക തകരാറുകൾ ഉണ്ടാകുമ്പോൾ നിർമ്മാണ കമ്പനിയുടെ സേവനം തേടേണ്ടിവരുന്നതു മൂലം അറ്റകുറ്റപ്പണിക്ക് കാലതാമസം ഉണ്ടാകുന്നുണ്ട്. |
| (ബി) | ഷൊർണ്ണൂർ ഗവ. പ്രസ്സിലെ എച്ച്.എം.ടി. പ്രിന്റിംഗ് മെഷീനുകളുടെ മെയിന്റനൻസിനായി എച്ച്.എം.ടി. കമ്പനിയുമായി ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാരണത്താൽ നിരന്തര ഉപയോഗം മൂലം സ്പെയർ പാർട്ട്സുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ മെഷീനുകളുടെ പ്രവർത്തനം നടക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് അടിയന്തരമായി പരിഹാരം കാണാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് നിലവിലില്ല. കാല പഴക്കത്താൽ ഉണ്ടാകുന്ന സ്പെയർ പാർട്സ് തകരാറുകൾ പരിഹരിക്കുന്നതിന് കമ്പനിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ